**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740** **08-02-2023 - ൽ മറുപടിയ്ക്ക്**

**മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനത്തിനായി സെർച്ച് കമ്മിറ്റി രൂപീകരിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; യു.ജി.സി. മാനദണ്ഡം അനുസരിച്ചാണോ പ്രസ്തുത നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | യു.ജി.സി. റെഗുലേഷൻസ്, 2018 പ്രകാരം മലയാളം സർവകലാശാലാ വൈസ് ചാൻസലർ നിയമനത്തിന് സെർച്ച് കമ്മിറ്റി രൂപീകരിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സർവകലാശാല നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് സെർച്ച് കമ്മിറ്റി രൂപീകരണത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നിയമ വ്യവസ്ഥ നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയുടെ ഘടന പുനഃക്രമീകരിച്ചുകൊണ്ട് നിയമസഭ പാസാക്കിയ ബില്ലിന് ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇല്ല. പ്രസ്തുത ബില്ല് ബഹു. ഗവർണ്ണറുടെ പരിഗണനയിലാണ്. |
| (ഡി) | ആക്ട് നിലവിൽ വന്നിട്ടില്ലാത്ത പക്ഷം പ്രസ്തുത വ്യവസ്ഥ പ്രകാരം രൂപീകരിക്കുന്ന സെർച്ച് കമ്മിറ്റിക്ക് നിയമസാധുതയുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 2018 ലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരമാണ് സെർച്ച് കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ